FEDERAL BANK
YOUR PERFECT BANKING PARTNER

Marketing Department.
Registered Office: PB No.103,
Federal Towers, Aluva, Kerala, India, 683 101
Phone: 91-484-2623698, Fax- 91-484-2622283
Email- marketing@federalbank.co.in

**11th May 2012**

**പത്രക്കുറിപ്പ്**

# ഫെഡറൽ ബാങ്ക് വാർഷിക പ്രവർത്തനഫലം : സാമൂഹ്യപ്രതിബദ്ധതയിലൂന്നിയ പ്രവർത്തനങ്ങൾക്കൊപ്പം സാമ്പത്തിക രംഗത്തും മികച്ച മുന്നേറ്റം.

സാമൂഹ്യപ്രതിബദ്ധതാ രംഗത്തെ സംഭാവനകൾ മുൻനിർത്തി കഴിഞ്ഞ മൂന്നുമാസകാലയളവിനുള്ളിൽ രണ്ടുപുരസ്കാരങ്ങൾ ലഭിച്ചതിന്റെ തുടർച്ചയായി ഫെഡറൽ ബാങ്കിന് കഴിഞ്ഞ സാമ്പത്തിക വർഷം *(2011-12)* വളരെ മികച്ച പ്രവർത്തനഫലം കാഴ്ചവയ്ക്കാനും സാധിച്ചു. *777* കോടി രൂപ എന്ന ചരിത്രത്തിലെ ഏറ്റവുമുയർന്ന അറ്റാദായമാണ് ബാങ്കിന് നേടാൻ കഴിഞ്ഞിരിക്കുന്നത്. *2010-11* കാലയളവിൽ ബാങ്കിന്റെ അറ്റാദായം *587.08* കോടി രൂപയായിരുന്നു. ഇന്നു കൊച്ചിയിൽ ചേർന്ന ഡയറക്ടർ ബോർഡ് പ്രവർത്തനഫലം വിലയിരുത്തുകയും അംഗീകരിക്കുയും ചെയ്തു. ഓഹരിയുടമകൾക്ക് *90%* ലാഭവിഹിതവും ബോർഡ് ശുപാർശ ചെയ്തു.

**വാർഷിക ഫലം ചുരുക്കത്തിൽ :**

- മൊത്തവരുമാനം 33.31 % ത്തിന്റെ വർദ്ധനവോടെ *6091* കോടി രൂപയായി ഉയർന്നു.
- അറ്റാദായം മുൻ വർഷത്തെക്കാൾ *32.31%* വർദ്ധിച്ച് *776.79* കോടി രൂപയായി.
- അറ്റ പലിശ മാർജിൻ *(NIM) 3.79 %*
- മൊത്തനിക്ഷേപം *13.77 %* വർദ്ധിച്ച് *48937.12* കോടി രൂപയായി ഉയർന്നു.
- മൊത്ത വായ്പ *37755.99* കോടി രൂപയായി വർദ്ധിച്ച് *18.16 %* വളർച്ച രേഖപ്പെടുത്തി.
- ഓഹരിയിന്മേലുള്ള വരുമാനം *45.41* രൂപയായി ഉയർന്നു.
- മൂലധന പര്യാപ്തത *16.64 %.*
- അറ്റ നിഷ്ക്രിയ ആസ്തി *199* കോടി രൂപ.

**പ്രവർത്തന ഫലം വിശദമായി :**

- **ബിസിനസ്**: ബാങ്കിന്റെ മൊത്തം ബിസിനസ് *15.64%* വർദ്ധിച്ച് *86693.11* കോടി രൂപയായി ഉയർന്നു. മൊത്തം നിക്ഷേപം *13.77%* വർദ്ധനവോടെ *48937.12* കോടി രൂപയും മൊത്തം വായ്പ *18.16%* വർദ്ധിച്ച് *37755.99* കോടി രൂപയുമായി. നിക്ഷേപങ്ങൾക്കു മേലുള്ള ബാങ്കിന്റെ ശരാശരി ചെലവ് *( average cost of deposit) 7.41%* ആണ്. മൊത്തം വായ്പയുടെ *27.37%* റീട്ടെയിൽ വായ്പകളും *26.98%* എസ് എം ഇ വായ്പകളുമാണ്. മുൻഗണനാ വിഭാഗങ്ങൾക്കുള്ള വായ്പ *12652.54* കോടി രൂപയാണ്. *4318.74* കോടി രൂപയാണ് കാർഷികമേഖലയ്ക്കു നൽകിയിട്ടുള്ള വായ്പ.
- **വരുമാനം:** മൊത്തവരുമാനം *33.31%* വർദ്ധിച്ച് *6090.73* കോടി രൂപയായി. പലിശയിനത്തിലുള്ള വരുമാനം *5558.39* കോടി രൂപയാണ്. *2011* മാർച്ചിൽ ഇത് *4052.03* കോടി രൂപയായിരുന്നു.
- **നിഷ്ക്രിയ ആസ്തി :** ബാങ്കിന്റെ മൊത്ത നിഷ്ക്രിയ ആസ്തി *3.35 %* വും അറ്റ നിഷ്ക്രിയ ആസ്തി *0.53%* വുമാണ്. *2011* മാർച്ചിൽ ഇവ യഥാക്രമം *3.49%* വും *0.60%*വുമായിരുന്നു.
- **മൂലധന പര്യാപ്തത :** റിസർവ് ബാങ്ക് അനുശാസിക്കുന്ന *9* ശതമാനത്തെ അപേക്ഷിച്ച് ബാങ്കിന്റെ മൂലധന പര്യാപ്തത ബേസൽ *2* മാർഗ്ഗരേഖകൾ പ്രകാരം *16.64%* ആണ്.
- **ഓഹരി നിലവാരം :** ഓഹരിയിന്മേലുള്ള വരുമാനം *(annualised) 55.56* രൂപയും ഓഹരിയുടെ പുസ്തകമൂല്യം *333.61* രൂപയുമാണ്. *2011* മാർച്ചിൽ ഇവ യഥാക്രമം *40.16* രൂപയും *298.67* രൂപയുമായിരുന്നു.

**സാമൂഹ്യപ്രതിബദ്ധതാരംഗത്തെ  പ്രവർത്തനങ്ങൾ:**

- സാമൂഹ്യ പ്രതിബദ്ധതയിൽ ശ്രദ്ധയൂന്നിയുള്ള പ്രവർത്തനങ്ങൾക്കായി ബാങ്ക് കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി സെൽ *( CSR Cell)* രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു കഴിഞ്ഞു. അനാഥാലയങ്ങൾ, ആശുപത്രികൾ, വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങിയവ പ്രസ്തുത സെല്ലിന്റെ ഗുണഭോക്താക്കളാണ്.
- ബാങ്കിന്റെ സ്ഥാപകനായ ശ്രീ. കെ പി ഹോർമിസിന്റെ സ്മരണാർത്ഥം രൂപീകരിച്ച ഫെഡ് ബാങ്ക് ഹോർമിസ് മെമോറിയൽ ട്രസ്റ്റ് പ്രതിവർഷം *50* വിദ്യാർത്ഥികൾക്ക് തെരഞ്ഞെടുത്ത പ്രൊഫഷണൽ കോഴ്സുകൾക്കുള്ള ട്യൂഷൻ ഫീസ് സ്കോളർഷിപ്പായി നൽകുന്നുണ്ട് ഇതുകൂടാതെ വിദ്യാഭ്യാസ, ആതുരസേവന രംഗങ്ങളിലും മറ്റും അനവധി പ്രവർത്തനങ്ങൾ ട്രസ്റ്റ് നടത്തിവരുന്നു.
- റിസർവ് ബാങ്കിന്റെ സാമ്പത്തിക സമഗ്രതാ പദ്ധതികളുടെ ഭാഗമായി ബാങ്ക് തനതായ ധാരാളം പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. സ്മാർട്ട് കാർഡ് ആധാരമാക്കിയുള്ള 'ഫെഡ് ജ്യോതി' പദ്ധതി കേരളത്തിലും മഹാരാഷ്ട്രയിലുമായി *61* ഗ്രാമങ്ങളിൽ നടപ്പിലാക്കിക്കഴിഞ്ഞു.
- പണ-വായ്പാ സംബന്ധമായ ബോധവത്കരണത്തിനും വായ്പാ കൗൺസെലിംഗിനുമായി കേരളത്തിലൊട്ടാകെ *12* ഫെഡറൽ ആശ്വാസ് സാമ്പത്തിക സാക്ഷരതാ വായ്പാ കൗൺസെലിംഗ് കേന്ദ്രങ്ങൾ *(FAFLCCC)* ബാങ്ക് തുടങ്ങിയിട്ടുണ്ട്.
- സാമ്പത്തിക സമഗ്രത എന്ന ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി സാമ്പത്തിക വിഷയങ്ങളിൽ *120* ലധികം ഹയർ സെക്കണ്ടറി സ്കൂളുകളിലായി *40,000* ത്തിലധികം കുട്ടികൾക്കു വേണ്ടി ശില്പശാലകൾ ബാങ്ക് സംഘടിപ്പിച്ചു. വളരെ പിന്നാക്കം നിൽക്കുന്ന ആദിവാസി വിഭാഗത്തിലെ കുട്ടികളുടെ ഉന്നമനത്തിനായി വയനാട്, ഇടുക്കി ജില്ലകളിലായി *10* ട്രൈബൽ സ്കൂളുകൾ ബാങ്ക് ദത്തെടുത്തിട്ടുണ്ട്.
- ബാങ്കുകളുടെ സേവനം ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ, ബാങ്ക് 'ഗ്രാമ ജീവൻ' എന്ന പേരിൽ സാമ്പത്തിക സമഗ്രതാ ശാഖകൾ തുടങ്ങിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ തുരുത്തി-വേങ്ങൂർ വെസ്റ്റ് വില്ലേജിൽ ബാങ്കിന്റെ പ്രഥമ ഗ്രാമ ജീവൻ ശാഖ പ്രവർത്തിക്കുന്നു.

**പുരസ്കാരങ്ങളും  അംഗീകാരങ്ങളും:**

- സാമൂഹ്യ പ്രതിബദ്ധതാ രംഗത്തെ സേവനങ്ങൾ പരിഗണിച്ച് ഫെഡറൽ ബാങ്കിന് കഴിഞ്ഞ മൂന്നുമാസത്തിനുള്ളിൽ രണ്ടു പുരസ്കാരങ്ങളാണ് ലഭിച്ചത്. കാർഷിക വികസനരംഗത്തും ആരോഗ്യ-വിദ്യാഭ്യാസ മേഖലകളിലും ഉത്തരവാദിത്വമുള്ള കോർപ്പറേറ്റ് പൗരൻ എന്ന നിലയിൽ ബാങ്ക് കൈക്കൊണ്ട നടപടികളുടെ അടിസ്ഥാനത്തിൽ നൽകപ്പെട്ട ഗ്ലോബൽ സോഷ്യൽ റെസ്പോൺസിബിലിറ്റി അവാർഡ്, സാമൂഹ്യ പ്രതിബദ്ധതാ രംഗത്തെ സേവനങ്ങൾക്ക് ദുബായിൽ വച്ചു നൽകപ്പെട്ട ഗോൾഡൺ പീകോക്ക് അവാർഡ് എന്നിവയാണവ.
- വിസയുടെ ഡെബിറ്റ് കാർഡ് വഴി പണമയയ്ക്കാനുള്ള പദ്ധതി, ആധാർ അടിസ്ഥാനപ്പെടുത്തിയുള്ള ബാങ്കിന്റെ പേയ്മെന്റ് പദ്ധതി എന്നിവയുടെ അടിസ്ഥാനത്തിൽ ബാങ്കിന് അന്താരാഷ്ട്ര എ സി ഐ എക്സലൻസ് അവാർഡ് ലഭിക്കുകയുണ്ടായി.

**വളർച്ചാ പദ്ധതികൾ :**

- ഏതെങ്കിലും ഒരു സംസ്ഥാനത്ത് *500* ലധികം ശാഖകൾ സ്വന്തമായുള്ള പ്രഥമ സ്വകാര്യ ബാങ്കാണ് ഫെഡറൽ ബാങ്ക്. കേരളത്തിലാണ് ബാങ്കിന് *500* ലധികം ശാഖകളുള്ളത്. ഇന്ത്യയിലൊട്ടാകെ ബാങ്കിന് നിലവിൽ ആകെ *950* ശാഖകളും *1016* എടിഎമ്മുകളും ഉണ്ട്. കഴിഞ്ഞ സാമ്പത്തികവർഷം ബാങ്ക് *207* പുതിയ ശാഖകളും *212* എടിഎമ്മുകളും തുടങ്ങിയിരുന്നു. നടപ്പു സാമ്പത്തിക വർഷം ജൂൺ *30* നുള്ളിൽ *50* പുതിയ ശാഖകൾ തുടങ്ങി ആകെ ശാഖകളുടെ എണ്ണം *1000* ആയി ഉയർത്തുക എന്നതാണ് ബാങ്കിന്റെ ഹ്രസ്വകാല ലക്ഷ്യം. തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങൾക്കു പുറമെ മഹാരാഷ്ട്ര, ഗുജറാത്ത്, പഞ്ചാബ് എന്നീ സംസ്ഥാനങ്ങളിലും സമീപഭാവിയിൽ തന്നെ വിപുലമായതോതിൽ ശാഖകൾ തുടങ്ങാൻ ബാങ്കിനു പദ്ധതിയുണ്ട്.
- നടപ്പു സാമ്പത്തിക വർഷം ബാങ്ക് രണ്ടായിരത്തോളം പുതിയ ജീവനക്കാരെ നിയമിക്കുന്നതാണ്. നിലവിൽ *9000* ത്തോളം ജീവനക്കാർ ബാങ്കിൽ സേവനമനുഷ്ഠിക്കുന്നുണ്ട്.

ആനന്ദ് ചുഗ്ഗ്
ചീഫ് മാനേജർ